A1/120/2025-CLAD

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സാംസ്കാരിക കാര്യ വകുപ്പ് - കേരള പൂരക്കളി അക്കാദമിക്ക് 2025- 26 സാമ്പത്തിക വർഷത്തെ പദ്ധതിയേതര വിഹിതത്തിൽ നിന്ന് മൂന്നാം ഗഡു അനുവദിച്ചുത്തരവാകുന്നു.

**സാംസ്കാരിക കാര്യ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.175/2026/CLAD തീയതി,തിരുവനന്തപുരം, 27-02-2026

പരാമർശം:-

1. 04.01.2021 ലെ 1/2021/FIN നമ്പർ സർക്കുലർ
2. സ.ഉ.(സാധാ) നം.308/2025/സാം.കാ.വ തീയതി 27.05.2025
3. സ.ഉ.(സാധാ) നം.536/2025/സാം.കാ.വ തീയതി 17.09.2025
4. കേരള പൂരക്കളി അക്കാദമി സെക്രട്ടറിയുടെ 27.12.2025 തീയതിയിലെ കത്ത്.
5. സാംസ്കാരിക വകുപ്പ് സയറക്ടറുടെ 06.01.2026 തീയതിയിലെ എ2-980/25/സാം.വ നമ്പർ കത്ത്

**ഉത്തരവ്**

കേരള പൂരക്കളി അക്കാദമിക്ക് 2025- 26 സാമ്പത്തിക വർഷം പദ്ധതിയേതരയിനത്തിൽ 10,00,000/- രൂപ (പത്ത് ലക്ഷം രൂപ മാത്രം) വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത വിഹിതത്തിൽ നിന്നും പരാമർശം (2), (3) ഉത്തരവുകൾ പ്രകാരം രണ്ട് ഗഡുക്കളായി 4,00,000/- രൂപ (നാല് ലക്ഷം രൂപ മാത്രം) അനുവദിച്ചുത്തരവായിരുന്നു. പരാമർശം (4) പ്രകാരം മൂന്നാം ഗഡു അനുവദിക്കുന്നതിന് സ്ഥാപന സെക്രട്ടറി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. സാംസ്കാരിക വകുപ്പ് ഡയറക്ടർ പരാമർശം (5) പ്രകാരം പ്രസ്തുത അപേക്ഷ ശിപാർശ ചെയ്തിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള പൂരക്കളി അക്കാദമിക്ക് 2025- 26 സാമ്പത്തിക വർഷം 2205-00-102-08-26 (നോൺ പ്ലാൻ)" എന്ന പദ്ധതിയേതര ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും 2,00,000/-രൂപ (രണ്ട് ലക്ഷം രൂപ മാത്രം) മൂന്നാം ഗഡുവായി റിലീസ് ചെയ്യുന്നതിന് അനുമതി നല്കി ഉത്തരവാകുന്നു.

3. പ്രസ്തുത തുക പരാമർശം (1) സർക്കുലറിലെ നിബന്ധനകൾ പ്രകാരം കേരള പൂരക്കളി അക്കാദമിയുടെ പയ്യന്നൂർ സബ് ട്രഷറിയിലുള്ള 799011400007966 എന്ന എസ്.റ്റി.എസ്.ബി. അക്കൗണ്ട് നമ്പറിൽ ഓൺലൈൻ മുഖേന ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനുള്ള നടപടി ഡി.ഡി.ഒ ആയ സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റിലെ അഡ്മിനിസ്ട്രേറ്റീവ് അക്കൗണ്ട്സ് ഓഫീസർ സ്വീകരിക്കേണ്ടതും അതിനാവശ്യമായ അനുബന്ധ വിശദാംശങ്ങൾ സ്ഥാപന സെക്രട്ടറി സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് ലഭ്യമാക്കേണ്ടതുമാണ്. തുക കൈപ്പറ്റി മൂന്ന് മാസത്തിനകം സ്ഥാപന സെക്രട്ടറി ധനവിനിയോഗ സർട്ടിഫിക്കറ്റ് സർക്കാരിനും അക്കൗണ്ടന്റ് ജനറലിനും സാംസ്കാരിക വകുപ്പ് ഡയറക്ടർക്കും സമർപ്പിക്കേണ്ടതാണ്. കൂടാതെ, അടുത്ത

സാമ്പത്തിക വർഷം ആദ്യ ഗഡുവിനായി ശിപാർശ സമർപ്പിക്കുമ്പോൾ 2025-26 സാമ്പത്തിക വർഷം അനുവദിച്ച തുകയുടെ വിനിയോഗ സാക്ഷ്യപത്രം, വിശദമായ ചെലവ് വിവരം, പ്രതീക്ഷിത ചെലവ് വിവരം എന്നിവ ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJANI M
ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, കേരള പൂരക്കളി അക്കാദമി, കണ്ണൂർ
ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി, ഫോർട്ട് പി.ഒ., തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
ധനകാര്യ വകുപ്പ് (3146301/EDN-D1/106/2025-FIN dated 18.02.2026)
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Sheeba K P
സെക്ഷൻ ഓഫീസർ
Date: 27-02-2026 11:51:20